# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*227 18.06.2018 -ലെ മറുപടിയ്ക്ക്

## സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ.ഐ.ബി. സതീഷ്<br>,, ജെയിംസ് മാത്യു<br>,, കെ.വി.വിജയദാസ്<br>,, എം. നൗഷാദ് | പ്രൊഫ. സി രവീന്ദ്രനാഥ്<br>(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച കെ.കെ.ദിനേശൻ കമ്മീഷന്റെ റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; | (എ) (ബി) (സി) & (ഡി) | ജസ്റ്റീസ് കെ.കെ.ദിനേശൻ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് മന്ത്രിസഭ അംഗീകരിക്കുകയും ടി റിപ്പോർട്ട് 22.02.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം.55/2018/ഉ.വി.വ. പ്രകാരം തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൻമേൽ സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | യോഗ്യതയുള്ളവരെ മാത്രം അധ്യാപകരായി നിയമിക്കുന്നുവെന്നും അവർക്ക് ന്യായമായ വേതനവും സംഘടനാ സ്വാതന്ത്ര്യവും അനുവദിക്കുന്നുവെന്നും ഉറപ്പുവരുത്തുവാൻ നടപടിയെടുക്കുമോ; | | |
| (സി) | വിദ്യാർത്ഥികൾക്ക് സമാധാനപരമായി സംഘടിക്കുവാനുള്ള മൗലികാവകാശം ഹൈക്കോടതി വിധിയിലൂടെ റദ്ദാക്കിയത് പുന:സ്ഥാപിക്കാൻ ആവശ്യമെങ്കിൽ നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ; | | |
| (ഡി) | പ്രാക്ടിക്കൽ മാർക്കിന്റെയും ഇന്റേണൽ മാർക്കിന്റെയും പേരിൽ വിദ്യാർത്ഥികളെ വിധേയരാക്കി നിർത്തുന്നത് അവസാനിപ്പിക്കുവാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ? | | |

സെക്ഷൻ ഓഫീസർ